# 08-03-2017

## സംസ്ഥാനവാർത്തകൾ

**മികച്ച നടൻ വിനായകൻ, നടി രജീഷ, സംവിധായിക വിധു വിൻസെന്റ്, ചിത്രം മാൻഹോൾ**

കമ്മട്ടിപ്പാടത്തിലെ അഭിനയത്തിന് വിനായകന് മികച്ച നടനുള്ള സംസ്ഥാന സർക്കാർ പുരസ്കാരം. അനുരാഗ കരിക്കിൻ വെള്ളം എന്ന ചിത്രത്തിലെ അഭിനയത്തിന് രജീഷ വിജയനാണ് മികച്ച നടിക്കുള്ള അവാർഡ്. മികച്ച ചിത്രമായി മാൻഹോളും രണ്ടാമത്തെ കഥാചിത്രമായി ഒറ്റയാൾ പാതയും തിരഞ്ഞെടുക്കപ്പെട്ടു. മികച്ച സംവിധായിക വിധു വിൻസെന്റിനാണ് (മാൻഹോൾ). ജനപ്രിയവും കലാമൂല്യവുമുള്ള ചിത്രമായി മഹേഷിന്റെ പ്രതികാരം തിരഞ്ഞെടുക്കപ്പെട്ടു.ഇ. സന്തോഷ് കുമാർ (കഥ – ആറടി), സുരഭി (അഭിനയം – മിന്നാമിനുങ്ങ്), ഗിരീഷ് ഗംഗാധരൻ (ഛായാഗ്രഹണം – ഗപ്പി) എന്നിവർക്ക് പ്രത്യേക ജൂറി പരാമർശവും ലഭിച്ചു. മികച്ച തിരക്കഥയ്ക്ക് മികവു പുലർത്തിയ രചനകൾ ഉണ്ടായിരുന്നില്ലെന്ന് ജൂറി വിലയിരുത്തി. മന്ത്രി എ.കെ.ബാലനാണ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

(മ.മ.,08/03)

**സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ശക്തമായ നടപടി;ലൈംഗിക കുറ്റവാളികളുടെ പട്ടിക തയാറാക്കും: മുഖ്യമന്ത്രി**

സ്ത്രീ സുരക്ഷ ഉറപ്പാക്കാൻ ശക്തമായ നടപടികൾ സ്വീകരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. ലൈംഗിക കുറ്റവാളികളുടെ പട്ടിക തയ്യാറാക്കി പൊലീസ് സ്റ്റേഷനിൽ സൂക്ഷിക്കുമെന്നും ഇതിനായി പത്തു വർഷത്തെ വിവരങ്ങൾ ശേഖരിക്കാൻ ജില്ലാ പൊലീസ് മേധാവികൾക്ക് നിർദേശം നൽകിയെന്നും മുഖ്യമന്ത്രി സഭയെ അറിയിച്ചു.

(ദേ.,08/03)